പറമ്പിക്കുളം-അളിയാർ പദ്ധതി കരാർ പ്രകാരം മണക്കടവ് വിയറിൽ ഇപ്പോൾ 7.25 ടി.എം.സി. ജലം ലഭിക്കുന്ന സ്ഥാനത്ത് 10 ടി.എം.സി. ജലം ലഭിക്കണമെന്ന് സാങ്കേതിക സമിതിയുടെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മണക്കടവ് വിയറിൽ ലഭിക്കുന്ന ജലം ചിറ്റൂർ പുഴയിലെ കൃഷിക്കാണ് ഉപയോഗിക്കുന്നത്. മണക്കടവ് വിയറിൽനിന്ന് കൂടുതൽ ജലം ലഭിക്കുകയാണെങ്കിൽ തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രയാസങ്ങൾ പരിഹരിക്കാൻ സാധിക്കും. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേകമായി താൽപ്പര്യമെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, മുൻകാലത്തുണ്ടാക്കിയ കരാറിൽ കുടിവെള്ള കാര്യം പറഞ്ഞിട്ടില്ല. ഇനി കുടിവെള്ളത്തിന് ഈ സ്രോതസ്സ് അല്ലാതെ മറ്റു മാർഗ്ഗമില്ല. അതുകൊണ്ട് പുനരവലോകനം നടത്തി പുതിയ കരാർ ഉണ്ടാക്കുമ്പോൾ കുടിവെള്ളത്തിനാവശ്യമായ 0.71 ടി.എം.സി. ജലം യഥാസമയം ലഭിക്കുന്നതിനുവേണ്ട വ്യവസ്ഥകളുണ്ടാകണം.

ശ്രീ. എ. കെ. ആന്റണി: പുനരവലോകനം ചെയ്യുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും പരിശോധിക്കാം.

III. സബ്മിഷൻ

(1) വാഗമൺ പ്രദേശത്തെ കയ്യേറ്റംമൂലമുള്ള ജൈവ വൈവിധ്യ പ്രതിസന്ധി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെയും ദേശീയതലത്തിലേയും ചില പ്രമുഖ പത്രങ്ങളിലെ വാർത്തകളുടെയും ഫീച്ചറുകളുടേയുമൊക്കെ അടിസ്ഥാനത്തിൽ നമ്മുടെ മലമേഖലകളിൽ ഏറ്റവും പ്രധാനപ്പെട്ട വാഗമൺ കഴിഞ്ഞ ദിവസം ഞാൻ സന്ദർശിക്കുകയുണ്ടായി. അവിടം ജൈവ വൈവിധ്യത്തിന്റെ ഒരു കലവറയാണ്, അത് പുൽമേട് ആണെന്നുള്ളതിന്റെ കാര്യങ്ങളൊന്നും മനസ്സിലാകാതെ വെട്ടിപ്പിടുത്തത്തിന്റെ ചിന്താഗതിക്കാർക്ക് അത് വെറും ഒരു പുൽമേടാണെന്ന് തോന്നാം, എന്നാൽ ജൈവ വൈവിധ്യത്തിന്റെ ഒരു കലവറയാണ് അതെന്നാണ് സസ്യശാസ്ത്രജ്ഞന്മാരായിട്ടുള്ള ആളുകൾ പറഞ്ഞിട്ടുള്ളത്. അത് ശാന്തമായി പഠിക്കുന്ന ആളുകൾക്ക് മനസ്സിലാകും. ആ പ്രദേശം ഇപ്പോൾ വൻ കയ്യേറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. മതികെട്ടാനിലുണ്ടായതിന്റെ ആവർത്തനം അവിടെ നടക്കുകയാണ്. ചില എം.എൽ.എ.-മാരുടേയും എം.പി.-മാരുടേയുംകൂടി പിന്തുണ ആ കയ്യേറ്റത്തിലുണ്ടെന്ന് അവിടെ സന്ദർശിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അവിടം അങ്ങനെ അന്യാധീനപ്പെടേണ്ട പ്രദേശമല്ല. അവിടെ ഗവൺമെന്റിന്റെ തന്നെ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കത്തെ ഉപയോഗിച്ച് വ്യക്തികളായ കയ്യേറ്റക്കാർ തുടർച്ചയായി കയറിക്കൊണ്ടിരിക്കുക മാത്രമല്ല, റിസോർട്ടുകൾ, മനോഹരങ്ങളായ കെട്ടിടങ്ങൾ തന്നെ ഇപ്പോൾ പണിതുകൊണ്ടിരിക്കുന്നു. അത് വളരെ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. 12,500 ഹെക്ടർ വരുന്ന ആ സ്ഥലം, ആ പുൽമേടുകളിൽനിന്നും മഞ്ഞായാലും മഴയായാലും വീഴുന്നതാണ് ചെറിയ അരുവികളായി, ചാലുകളായി, തോടുകളായി മീനച്ചിലാറുണ്ടായത്. അത് മീനച്ചിലാറിന്റെ പ്രഭവകേന്ദ്രമാണ്. അതുപോലെ തന്നെ പെരിയാറിലേക്ക് വെള്ളം വരുന്നത് അവിടെനിന്നുംകൂടിയാണ്. ഈ തരത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ആ പ്രദേശം വെട്ടിനിരത്തിയപ്പോൾ മീനച്ചിലാർ വരൾച്ചാ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശമായി, നദി വറ്റുകയാണ്. അതുപോലെതന്നെ പെരിയാറിന്റെ ജലനിരപ്പ് ഇടിയുന്നതിനും ഭാവിയിൽ ഇടുക്കി ജലവൈദ്യുത പദ്ധതിയെത്തന്നെ ബാധിക്കുന്നതുമാണെന്ന് ഇതു സംബന്ധിച്ച് പാലായിലെ സെന്റ് തോമസ് കോളേജിലെ ഒരു പ്രൊഫസർ, ഞാനവിടെ സന്ദർശിച്ച അവസരത്തിൽ അൽപ്പസമയം തരണം എനിക്ക് അൽപ്പം കാര്യം പറയാനുണ്ടെന്നു പറഞ്ഞുകൊണ്ട് അദ്ദേഹം എന്നെ വന്നു കണ്ട്, ആ സ്ഥിതിഗതികളെ സംബന്ധിച്ച് വിവരിക്കുകയുണ്ടായി. ഇതെല്ലാം സംബന്ധിച്ച് പഠിക്കുന്ന ആളുകൾക്ക് അത്യന്തം വേദനയുണ്ടാക്കുന്ന സംഭവങ്ങളാണ് ഈ കയ്യേറ്റം. അതുകൊണ്ട് ഈ കയ്യേറ്റത്തിന്റെ അപകടകരമായ സ്ഥിതി മനസ്സിലാക്കി ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണം. വനവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന ആ പ്രദേശത്തുപോലും ഇപ്പോൾ കയ്യേറ്റം നടക്കുകയാണ്. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്കോ മറ്റേതോ പദ്ധതിക്കോ എടുത്ത വനത്തിനു പകരമായി വനം വച്ചു പിടിപ്പിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ആ സ്ഥലംപോലും കയ്യേറി എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതു സംബന്ധിച്ച് 1995-ൽ സുപ്രീംകോടതിയുടെ വിധിയുണ്ട്. സുപ്രീംകോടതിയുടെ വിധി, ഈ പ്രദേശത്ത് യാതൊരു തരത്തിലുള്ള കൈവശവും അതുപോലെതന്നെ ഗവൺമെന്റ് ആവശ്യത്തിനുവേണ്ടി ഇത് എടുക്കുക എന്നുള്ളതും പാടില്ലെന്നാണ്. ആ വിധിയെല്ലാം തന്നെ ലംഘിച്ചുകൊണ്ട് ടൂറിസത്തിന്റെ പേരിലാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അന്തർദേശീയ രംഗത്തുനിന്നും ഏതോ ആളുകൾ വരുന്നു, അവരുടെയെല്ലാം സഹായം ലഭിക്കുന്നു എന്നെല്ലാം പറഞ്ഞ് ടൂറിസത്തിന്റെ പേരിൽ ഒരു വശത്ത്, അതേയവസരത്തിൽ തന്നെ മറുവശത്ത് ഗവൺമെന്റിന്റെ റവന്യൂ, വനം, ടൂറിസം വകുപ്പുകൾ തമ്മിലുള്ള തർക്കം, ഇതെല്ലാം ഉപയോഗിച്ചുകൊണ്ട് ഇതുതന്നെ ഒരു നല്ല സന്ദർഭമെന്നു കരുതി സ്വകാര്യ വ്യക്തികൾ അവിടെ കയ്യേറുകയാണ്. ഈ കയ്യേറ്റം ഉടനടി അവസാനിപ്പിക്കുന്നതിനുവേണ്ടി മതികെട്ടാനിലെപോലെത്തന്നെ ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ആ വിലപ്പെട്ട സസ്യ വൈവിദ്ധ്യ സങ്കേതം നഷ്ടപ്പെടുന്നതിന് ഇടയാകും. അതുകൊണ്ട് അടിയന്തിര സ്വഭാവത്തോടുകൂടി ഈ പ്രശ്നത്തിൽ ഇടപെടമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, 8-3-2000-ൽ 741.848 ഹെക്ടർ ഭൂമി സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റിന് റവന്യൂ ഡിപ്പാർട്ടുമെന്റ് കൈമാറുകയുണ്ടായി. അതിനുശേഷം 2001 മാർച്ച് 15-ന് അന്നത്തെ ടൂറിസം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതിന്റെ ലാഞ്ചിംഗ് പരിപാടി ഉദ്ഘാടനം ചെയ്തു. അന്നത്തെ ഗവൺമെന്റ് തന്നെ വാഗമൺ മേഖലയിലെ ടൂറിസത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി പി.കെ.എഫ്. വേൾഡ് വൈൽഡ് എന്ന സ്ഥാപനത്തെ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കാൻ ഏൽപ്പിക്കുകയുണ്ടായി. ആ മാസ്റ്റർ പ്ലാനിൽ രണ്ടു ഘടകങ്ങളുണ്ട്. ഒന്ന് ടൂറിസം ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിട്ടുള്ള വാഗമൺ പ്രോജക്ടിന് ഒരു മാസ്റ്റർ പ്ലാൻ. രണ്ട്, മൊത്തം വാഗമൺ പ്രദേശത്തിനുള്ള മാസ്റ്റർ പ്ലാൻ. ഇതിന് കേന്ദ്ര ഗവൺമെന്റാണ് സാമ്പത്തിക സഹായം കൊടുക്കുന്നത്. ആ മാസ്റ്റർ പ്ലാൻ ഇപ്പോൾ തയ്യാറായി സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ മുമ്പിൽ വന്നിട്ടുണ്ട്. അതിന്റെ പഠനം ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ, പ്രതിപക്ഷ നേതാവ്, ജനപ്രതിനികൾ എല്ലാവരും കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഒന്നിച്ചിരുന്ന് ആ മാസ്റ്റർ പ്ലാനിനെക്കുറിച്ച് പഠിക്കാൻ ഞങ്ങൾ തയ്യാറാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഞങ്ങളുടെ കൈയിലേക്ക് വരുന്നത് കഴിഞ്ഞ ഗവൺമെന്റ് ഏറ്റെടുത്ത് 741.848 ഹെക്ടർ സ്ഥലം മാത്രമാണ്. ആ സ്ഥലം പ്രൊട്ടക്ടു ചെയ്യുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസിയായ സി.പി.ഡബ്ല്യു.ഡി. അവിടത്തെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം നിർദ്ദേശിച്ചത് അനുസരിച്ച് അതിന്റെ അതിർത്തികൾ കെട്ടിക്കൊണ്ടിരിക്കുന്നു. കമ്പിവേലി കെട്ടുകയും ജെണ്ട സ്ഥാപിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. ഒരു മാസത്തിനു മുമ്പ് ആ പ്രദേശത്തു ഞാൻ പോയിരുന്നു. 700-ൽ ചിലാനം ഹെക്ടർ ഭൂമിയുണ്ട്. മുഴുവൻ ഞാൻ കണ്ടിട്ടില്ല. ഞാൻ റോഡിൽ നിന്ന് കുറച്ചു ഉള്ളിലേക്ക് മാത്രമാണ് പോയത്. ഇത് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഇക്കോ ടൂറിസ്റ്റു പ്രോജക്ടായിട്ടാണ് ലാഞ്ചു ചെയ്തത്. അതുകൊണ്ട് തീർച്ചയായും ആ പ്രോജക്ടിനെക്കുറിച്ച് പഠനം നടത്തും. ഇക്കോ ടൂറിസം പ്രോജക്ടിന്റെ മാസ്റ്റർ പ്ലാനിൽ തന്നെ അവർക്ക് കഴിഞ്ഞ ഗവൺമെന്റ് കൊടുത്തിട്ടുള്ള നിർദ്ദേശം ഇക്കോ സിസ്റ്റം നിലനിർത്തണമെന്നുള്ളതാണ്. അഞ്ചു ശതമാനം പോലും കൺസ്ട്രക്ഷൻ പാടില്ലെന്നു അതിനകത്തു പറഞ്ഞിട്ടുണ്ട്. ആ മാസ്റ്റർ പ്ലാൻ നമുക്ക് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാം. ഇതു പ്രൊട്ടക്ടു ചെയ്യുന്നതിനുള്ള ഒരു സ്കീമാണ്. ഇതു നശിപ്പിക്കുന്നതിനുള്ള ഒരു സ്കീമല്ല. Kerala Live Stock Development and Milk Marketing Board-ന്റെ കയ്യിലുള്ള ഭൂമിയാണ് ഞങ്ങൾക്കു തന്നത്. അവിടെ കാർട്ടേഴ്സൊക്കെ നേരത്തെ ഉണ്ടായിരുന്നു. അതു ഇടിഞ്ഞു പൊളിഞ്ഞു പോകാതിരിക്കാൻവേണ്ടി റിപ്പെയർ വർക്ക്സ് നടത്തി. ഇടുക്കി ജില്ലയിൽ വ്യാപകമായി സംസ്ഥാന പി. ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ, റോഡുകൾ വികസിപ്പിച്ചെടുക്കാൻ വേണ്ടി ഒരു ബൃഹത്തായ സ്കീം നടക്കുന്നുണ്ട്. 250 കോടിയോളം രൂപ ചെലവു വരുന്ന അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ നിർമ്മാണ പ്രവർത്തനം അവിടെ നടന്നു. ഇതിനപ്പുറത്തു ടൂറിസത്തെ സംബന്ധിച്ച് മറ്റൊന്നും ഞങ്ങൾ ചെയ്തിട്ടില്ല. പക്ഷേ ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ അവിടെയുള്ള ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട് ഞങ്ങളുടെ കൈവശമുള്ള പ്രദേശങ്ങൾ പോയി കാണാനും പഠിക്കാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറഞ്ഞ കാര്യങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതു പരിശോധിക്കുന്നതിനും തയ്യാറാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട ടൂറിസം മന്ത്രി പറഞ്ഞത് ടൂറിസത്തെ സംബന്ധിച്ചു മാത്രമാണ്. ഇന്നു ഏതു പത്രമെടുത്തു നോക്കിയാലും ഭൂമി കയ്യേറിയതായിട്ടുള്ള വാർത്തകൾ കാണാൻ കഴിയും. അതു നിർത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ടൂറിസം പരിപാടി നടക്കണമെന്നുണ്ടെങ്കിൽ അതു സംബന്ധിച്ച് പഠിക്കാനും പരിശോധിക്കാനും ഞങ്ങൾ തയ്യാറാണ്. എന്നാൽ ഇവിടെ പ്രശ്നം 12,500-ൽപ്പരം ഹെക്ടർ ഭൂമി, ഏതാണ്ട് 30,000-ൽപ്പരം ഏക്കർ വരുന്ന സ്ഥലം സ്വകാര്യ വ്യക്തികൾ ആയിട്ടുള്ള ആളുകൾ കയ്യേറുകയും അവിടെ ബിൽഡിംഗ് കെട്ടുകയും കോൺക്രീറ്റ് സൗധങ്ങൾ കെട്ടിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. അതു നിർത്തുന്നതിനും അവരെ അവിടെ നിന്നും അടിച്ചിറക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നാണ് എനിക്ക് മുഖ്യമന്ത്രിയിൽ നിന്ന് അറിയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ, കെ.എൽ.ഡി.എം.എം. ബോർഡിന്റെ കയ്യിലുള്ള 1101 ഹെക്ടർ ഭൂമിയാണ് ഈ വാഗമൺ ഏരിയ. ഇതിനകത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ കാരപ്പാറ, കുരിയാർകുട്ടി, കല്ലട, ചിമ്മിനി തുടങ്ങിയ പദ്ധതികളിലൂടെ നഷ്ടപ്പെട്ട വനഭൂമിക്കു പകരമായി Compensatory afforestation നടത്തി 440 ഹെക്ടർ ഭൂമി ഫോറസ്റ്റു വകുപ്പിനു 1999-ൽ വിട്ടു കൊടുത്തിരുന്നു. എന്നാൽ 2000-ൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഈ ഭൂമികളെല്ലാം കലങ്ങി മറിഞ്ഞ് വാഗമൺ ടൂറിസം പ്രോജക്ടിനു വേണ്ടി 741.848 ഹെക്ടർ ഭൂമി വിട്ടു കൊടുത്തു. അതിൽ ഏതൊക്കെ ഭൂമി പോയി എന്നത് ഇപ്പോഴും അവ്യക്തമാണ്. അവിടെ തന്നെ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിക്ക് 84 ഹെക്ടർ ഭൂമിയുണ്ട്. 2000-ാമാണ്ട് മാർച്ചു മാസത്തിൽ ജില്ലാ കളക്ടർ തന്നിരിക്കുന്ന റിപ്പോർട്ട് അനുസരിച്ച് 21 ഹെക്ടർ ഭൂമി എൻക്രോച്ച്മെന്റ് അന്നു തന്നെ നിലവിലുണ്ട്. അദ്ദേഹം തന്നിരിക്കുന്ന റിപ്പോർട്ടിൽ 21 ഹെക്ടർ ഒഴിപ്പിക്കാൻ സാധിക്കാത്ത എൻക്രോച്ച്മെന്റ് കഴിച്ച് ബാക്കിയുള്ള ലാന്റാണ് ഡിപ്പാർട്ടുമെന്റിനു റവന്യൂ വകുപ്പിൽ കളക്ടർ മുഖാന്തിരം വിട്ടു കിട്ടിയത്. അതിൽ ഫോറസ്റ്റു വകുപ്പിന് 44 ഹെക്ടർ ഭൂമി ഉണ്ടായിരുന്നു എങ്കിലും ഈ വാഗമൺ ടൂറിസ്റ്റു പ്രോജക്ടിന്റെ 741.848 ഹെക്ടർ ഭൂമി ടൂറിസം ഡിപ്പാർട്ടുമെന്റിനു പോയപ്പോൾ ഫോറസ്റ്റു വകുപ്പിന്റെ കയ്യിൽ 255 ഹെക്ടർ ഭൂമി നിലവിലുണ്ട്. അത് Compensatory afforestation-ന്റെ ഭാഗമായി ഫോറസ്റ്റ് വകുപ്പ് മെയിന്റയിൻ ചെയ്യുകയാണ്. 21 ഹെക്ടറിൽ 2000-ൽ തന്നെ എൻക്രോച്ച്മെന്റ് നടന്നിട്ടുണ്ട്. 84 ഹെക്ടർ ഭൂമി അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കയ്യിലുണ്ട്. അങ്ങു സൂചിപ്പിച്ച കയ്യേറ്റം ഏതു ഭൂമിക്കാണെന്നു പരിശോധിക്കേണ്ടത് അനിവാര്യമാണ്. ഇന്നലെ അങ്ങയുടെ നോട്ടീസ് കിട്ടിയപ്പോൾ ഇതിന്റെ യഥാർത്ഥമായ അവസ്ഥയെക്കുറിച്ചു പഠിക്കാനുള്ള സാവകാശവും സമയവും ഞങ്ങൾക്കു കിട്ടിയില്ല. കയ്യേറ്റമുണ്ടെന്ന പത്രവാർത്തകൾ കിട്ടിയപ്പോൾ തന്നെ ഏതു ഭൂമിയിലാണ് കയ്യേറ്റം എന്നു പരിശോധിക്കാനുള്ള നിർദ്ദേശം ഫോറസ്റ്റ് വകുപ്പിന് ഞങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെ പരിശോധന അവിടെ നടക്കുന്നുണ്ട്. ഒരു കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനു സംസ്ഥാന സർക്കാരിനുവേണ്ടി ഉറപ്പു നൽകാം, അനധികൃതമായ കയ്യേറ്റം ഒരു ഇഞ്ചു ഭൂമിയിൽപ്പോലും അനുവദിക്കുകയില്ല. അതിനാവശ്യമായ നടപടിക്രമങ്ങൾ ഗവൺമെന്റ് കൈക്കൊള്ളുമെന്ന് ഉറപ്പു നൽകുന്നു. വിശദമായ വിവരം കളക്ടു ചെയ്തതിനുശേഷം അടുത്ത ആഴ്ച പ്രതിപക്ഷ നേതാവിന്റെ അറിവിലേക്ക് സമർപ്പിക്കാം.

ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): ടൂറിസത്തെ സംബന്ധിച്ചിടത്തോളം ടൂറിസം സബ്ജക്ട് കമ്മിറ്റി അംഗങ്ങളുമായി ഈ ഹൗസ് കഴിഞ്ഞാൽ ഉടനെ സ്ഥലം സന്ദർശിക്കാൻ പോകുന്നതാണ്.

(2) നാണ്യവിളകൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കേരളത്തിലെ ഒരു ലക്ഷത്തോളം വരുന്ന കുരുമുളകു കൃഷിക്കാരുടെയും ആയിരക്കണക്കിനു വരുന്ന ഏലം കൃഷിക്കാരുടെയും ധാന്യങ്ങളുടെ വിലയിടിവിന്റെ ഫലമായി അവർ വലിയ സാമ്പത്തിക തകർച്ചയെ നേരിടുകയാണ്. ഏലത്തിന്റെയും കുരുമുളകിന്റെയും വിലയിടിയുന്നതിനുള്ള പ്രധാനപ്പെട്ട കാരണം ഇൻഡോനേഷ്യ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ഈ സാധനങ്ങൾ ഇറക്കുമതി ചെയ്തിട്ട് ഇവിടെ ക്ലബ് ചെയ്ത് അങ്ങോട്ട് അയയ്ക്കുന്നതാണ്. ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly